(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) എന്നാൽ 16-8-1999-നും 31-12-2003-നും മദ്ധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ച് 179 ദിവസം പൂർത്തീകരിച്ച അംഗപരിമിതരെ സ്ഥിരപ്പെടുത്തുന്നതിനായി 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും പ്രസ്തുത തസ്തികകളിൽ നിയമനം നൽകി വരികയും ചെയ്യുന്നു. കൂടാതെ 1994-നും 1996-നും മദ്ധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ച അംഗപരിമിതരെയും സ്ഥിര/പുനർ നിയമനത്തിന് പരിഗണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മാതാപിതാക്കൾ മരിച്ചുപോയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

282 (3489) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കളിൽ ആരെങ്കിലും ഒരാളോ, രണ്ടുപേരുമോ മരണമടഞ്ഞ കേസുകളിൽ അവരുടെ വിദ്യാർത്ഥികളായ മക്കൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യം എന്തെല്ലാമാണെന്നു അറിയിക്കുമോ; ഈ ഇനത്തിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ വിവരങ്ങൾ വിശദമാക്കുമോ;

(ബി) മേൽ പറഞ്ഞ കേസുകളിൽ ചേർത്തല മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്നും എത്ര കുട്ടികൾ സ്കോളർഷിപ്പിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹരായവരായുണ്ടെന്ന് അറിയിക്കുമോ; ഇവർക്ക് ഏതു വർഷം വരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരത്തിൽ ആനുകൂല്യത്തിന് അർഹരായ കുട്ടികളെ എപ്രകാരമാണ് കണ്ടെത്തുന്നത് എന്ന് വിശദമാക്കുമോ; സ്കൂളുകൾക്ക് ഇതു സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ നൽകാറുണ്ടോ; ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാതെ കുട്ടികളുടെ ആനുകൂല്യം നഷ്ടപ്പെടുത്തുന്ന സ്കൂളുകൾക്കും പ്രധാനാദ്ധ്യാപകർക്കും എതിരെ നടപടി എടുക്കാറുണ്ടോ;

(ഡി) ഇത്തരം കേസുകളിൽ ചേർത്തല മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്നും സ്കോളർഷിപ്പിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹരായ കുട്ടികൾക്കുള്ള തുക മറ്റ് മണ്ഡലങ്ങളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത സമയത്തുതന്നെ വിതരണം ചെയ്തിരുന്നുവോ എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതിൽ വീഴ്ചവരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മാതാപിതാക്കളിൽ ഒരാളോ അല്ലെങ്കിൽ രണ്ട് പേരുമോ മരണമടഞ്ഞ ഗവൺമെന്റ്/എയ്ഡഡ് സ്കൂൾ/കോളേജുകളിൽ ബിരുദം/പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സ്നേഹപൂർവ്വം പദ്ധതിയിലൂടെ ധനസഹായം അനുവദിക്കുന്നുണ്ട്.

സ്നേഹപൂർവ്വം പദ്ധതി ധനസഹായം ഗവൺമെന്റ്/എയ്ഡഡ് സ്ഥാപന മേധാവി മുഖേന ഓൺലൈനായാണ് 2014-15 അദ്ധ്യയനവർഷം മുതൽ സ്വീകരിക്കുന്നത്. ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ പേരുൾപ്പെട്ട കമ്പ്യൂട്ടർ ജനറേറ്റഡ് പ്രിന്റ് വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്നും മേധാവി ഒപ്പിട്ട സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭിക്കുന്ന മുറയ്ക്ക് അപേക്ഷക്ക് അംഗീകാരം നൽകി വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേയ്ക്ക് ധനസഹായം അനുവദിച്ച് നൽകുന്നു. ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന നിരക്കിലാണ് ധനസഹായം അനുവദിക്കുന്നത്.

1. 5-ാം ക്ലാസ്സുവരെ-പ്രതിമാസം 300 രൂപ
2. 6 മുതൽ 10-ാം ക്ലാസ്സുവരെ-പ്രതിമാസം 500 രൂപ
3. +1, +2 ക്ലാസ്സ്-പ്രതിമാസം 750 രൂപ
4. ഡിഗ്രി/പ്രൊഫഷണൽ കോഴ്സ്-പ്രതിമാസം 1000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2012 നവംബർ മാസത്തിലാണ് സ്നേഹപൂർവ്വം പദ്ധതി ധനസഹായം ആരംഭിക്കുന്നത്. 2013-14 വർഷത്തിൽ അപേക്ഷകൾ നേരിട്ട് സ്വീകരിച്ച് ധനസഹായം അനുവദിച്ചിരുന്നു. പ്രസ്തുത വർഷത്തിൽ മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. ചേർത്തല മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽനിന്നും 1408 വിദ്യാർത്ഥികൾക്ക് 2013-14 അദ്ധ്യയന വർഷത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. 2014-15 അദ്ധ്യയന വർഷം മുതൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ഓൺലൈനായാണ് സ്വീകരിച്ചുവന്നിരുന്നത്. ചേർത്തല മണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും 2014-15 വർഷത്തിൽ ഓൺലൈനായി സമർപ്പിച്ച 680 അപേക്ഷകളിൽ അർഹതയുള്ള 542 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിന് അവർ പഠിക്കുന്ന ഗവൺമെന്റ്/ എയ്ഡഡ് സ്ഥാപന മേധാവികൾ അപേക്ഷ പരിശോധിച്ചാണ് ശിപാർശ ചെയ്യുന്നത്.

സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടാൻ അർഹരായ വിദ്യാർത്ഥികൾ അവരുടെ അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം വിദ്യാഭ്യാസ സ്ഥാപനമേധാവിക്ക് സമർപ്പിക്കുകയാണ് വേണ്ടത്. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈനായി സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് സമർപ്പിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും വകുപ്പ് മേധാവികൾക്ക് ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾ പാലിക്കാത്ത സ്കൂളുകൾക്കും പ്രധാന അദ്ധ്യാപകർക്കുമെതിരെ സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അനാഥാലയങ്ങളുടെ പ്രവർത്തനം

283 (3490) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ ഏതെല്ലാം മാനേജ്മെന്റുകളുടെ കീഴിലാണെന്നും അവ സ്വകാര്യ വ്യക്തികളാണോ ചാരിറ്റബിൾ സ്ഥാപനങ്ങളാണോയെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly